# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224 — 19.12.2012 ൽ മറുപടിക്ക്

### ആരോഗ്യമേഖലയിലെ സ്വകാര്യ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. എസ്. ശർമ്മ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യമേഖലയിൽ സ്വകാര്യ പങ്കാളിത്ത പദ്ധതികൾക്ക് ലക്ഷ്യമിടുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച നയം വെളിപ്പെടുത്താമോ ;<br>(ബി) ഈ രംഗത്തെ എന്തെല്ലാം നിർദ്ദേശങ്ങളാണിപ്പോൾ പരിഗണനയിലിരിക്കുന്നത് ; | (എ) യും (ബി) യും ആരോഗ്യ രംഗത്ത് സ്വകാര്യമേഖലയുടെ നേരിട്ടുള്ള പങ്കാളിത്തത്തോടെ പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല. എന്നാൽ RSBY, കാരുണ്യ ബനവലന്റ് ഫണ്ട് എന്നീ പദ്ധതികൾ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെയാണ് നടത്തുന്നത്. സർക്കാർ മാനദണ്ഡങ്ങളും നിരക്കുകളും അംഗീകരിക്കുന്ന ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) സർക്കാർ ആശുപത്രികളിൽ ചികിൽസയ്ക്ക് ഫീസ് ഏർപ്പെടുത്താനുള്ള നിർദ്ദേശത്തിന്മേൽ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ ആദ്യഘട്ടത്തിൽ ഏതെല്ലാം ആശുപത്രികളിലാണ് ആയത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; | (സി) സർക്കാർ ആശുപത്രികളിൽ ചികിൽസയ്ക്ക് ഫീസ് ഏർപ്പെടുത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഫീസ് ഈടാക്കിക്കൊണ്ട് ക്ലിനിക് ആരംഭിക്കുന്നുണ്ടോ ; വിശദമാക്കുമോ ? | (ഡി) ഇല്ല |

സെക്ഷൻ ഓഫീസർ